# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1869 — 11-02-2020-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ

**ചോദ്യം**

ശ്രീ.എം.ഉമ്മർ
,, കെ.എം.ഷാജി
,, പി.കെ.അബ്ദുറബ്ബ്
,, വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഭരണഘടന ഉറപ്പാക്കുന്ന ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളോരോന്നും കേന്ദ്ര സമീപനത്തിൽ കടുത്ത വെല്ലുവിളികളെ നേരിടുന്നുണ്ടോ; വിശദമാക്കാമോ; | (എ) (ബി) & (സി) | പൗരത്വ ഭേദഗതി നിയമവും, ദേശീയ പൗരത്വ രജിസ്റ്ററും സമൂഹത്തിലെ ഒരു വിഭാഗത്തിനെ പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിനും, ഭരണഘടനയെയും അതിന്റെ മതേതര മൂല്യങ്ങളേയും സംരക്ഷിക്കുന്നതിനും ഇത്തരം നിയമങ്ങളെ ഒറ്റക്കെട്ടായി എതിർക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് 29.12.2019-ന് മുഖ്യമന്ത്രി വിളിച്ച ചേർത്ത വിവിധ മത, സാമൂഹിക, സമുദായ സംഘടനാ നേതാക്കളേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗത്തിൽ ധാരണയായിട്ടുണ്ട്. സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളിൻമേലുള്ള കടന്നു കയറ്റത്തിനെതിരെ കൃത്യമായ ഇടപെടലുകൾ നടത്താറുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളെ കേന്ദ്രം കവർന്നെടുക്കുന്ന നടപടികൾക്കെതിരെയുള്ള നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനും ജനാധിപത്യ മതേതര സ്വഭാവം നിലനിർത്തിക്കിട്ടാനും, അസഹിഷ്ണുതകൾ പ്രകടമാക്കുന്ന കേന്ദ്ര നിയമനിർമ്മാണങ്ങളിലും ഭരണപരമായ നടപടികളിന്മേലുമുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് തുറന്നുകാട്ടാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ